ഈ ഡിസ്റ്റിലറി പ്രവർത്തിക്കാത്തതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിനാവശ്യമായ മുഴുവൻ ചാരായവും വിതരണം ചെയ്യാനുള്ള കപ്പാസിറ്റി കഴിഞ്ഞ വർഷം ഉണ്ടായില്ല എന്ന സ്ഥിതി വിശേഷം കണക്കിലെടുത്തുകൊണ്ട് ഇതൊരു പോളിസിയായി സ്വീകരിച്ച് നേരത്തെ ഉണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി മുഴുവനും പ്രത്യേകമായ ഒരു റേറ്റ് കോൺട്രാക്റ്റിന്റെ അടിസ്ഥാനത്തിൽ അവർക്കു തന്നെ കൊടുക്കുകയെന്നുള്ള ഗവൺമെന്റിന്റെ നയം പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മെമ്പറുടെ ധാരണ തെറ്റാണ്. നമുക്ക് ഈ സംസ്ഥാനത്ത് വിതരണം ചെയ്യേണ്ട മുഴുവൻ ചാരായത്തിന്റെ ഉൽപ്പാദനത്തിനും വേണ്ട കപ്പാസിറ്റി ഈ മൂന്നു മില്ലുകൾക്കും ഉണ്ടായിട്ടില്ല. അതുത്പാദിപ്പിക്കുന്നുമുണ്ട്. അതിന്റെ കണക്കും അറിഞ്ഞുകൂടാ. ഉണ്ടാകുമ്പോൾ അതിനെ പറ്റി പരിഗണിക്കുന്നതാണ്.

ബസ് യാത്രയ്ക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ

*260 [276] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

ശ്രീ. കെ. പി. വിശ്വനാഥൻ:

ശ്രീ. സ്റ്റീഫൻ പാദുവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ബസ് യാത്രയ്ക്ക് ഇന്നനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) യാത്രക്കാരുടെ സഞ്ചാരസ്വാതന്ത്ര്യം എല്ലാ റൂട്ടുകളിലും കൂടുതൽ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ ആൻഡ് ബി) ഉണ്ട്. ബസ്സുകളുടെ അഭാവവും ജീവനക്കാരുടെ കുറവും മൂലം സർവ്വീസുകൾ പലപ്പോഴും ക്യാൻസൽ ചെയ്യാറുണ്ട്. പഴയ വണ്ടികൾക്കു പകരം പുതിയ വണ്ടികൾ റോഡിൽ ഇറക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ജീവനക്കാരുടെ കുറവു പരിഹരിക്കാൻ താൽക്കാലിക നിയമനം നടത്തുന്നതിനും യൂണിറ്റ് ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബസ്സുകളുടെ മെയിൻറനൻസ് മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മേൽപ്പറഞ്ഞ നടപടികൾ മൂലം ക്യാൻസലേഷൻ കുറയ്ക്കുന്നതിനും തദ്വാരാ യാത്രാസൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കഴിയും. ഇതിനൊക്കെ പുറമേ ആവശ്യാനുസരണം പുതിയ സർവ്വീസുകൾ തുടങ്ങുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

ശ്രീ. കെ. പി. വിശ്വനാഥൻ: പുതിയ സർവ്വീസുകൾ തുടങ്ങുന്നു അവസരത്തിൽ പുതിയ ബസ്സുകൾ അലോട്ടു ചെയ്യുന്ന കാര്യത്തിൽ തൃശ്ശൂരും അതുപോലെ കോഴിക്കോടും മേഖലകളെ അവഗണിച്ചിരിക്കുന്നു എന്നുള്ള പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങിനെ പരാതിയില്ല. പരാതി ഉണ്ടെന്നു പറയുന്നതും ശരിയല്ല. കൂടുതൽ യൂണിറ്റുകൾ എന്ന നിലക്ക് മലബാർ മേഖലയ്ക്കാണ് കൂടുതൽ ബസ്സുകൾ കൊടുത്തിട്ടുള്ളത്.

ശ്രീ. കെ. പി. വിശ്വനാഥൻ: നേരത്തെ മറുപടി പറഞ്ഞ അവസരത്തിൽ പുതിയ മേഖലകൾ ഉണ്ടാക്കാൻ പോകുന്നു എന്നു മന്ത്രി പറഞ്ഞു. പുതിയ മേഖലകൾ ഏതൊക്കെയാണെന്നു തീരുമാനിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് വെളിപ്പെടുത്താൻ ദയവ് ഉണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അവസാനമായി തീരുമാനമെടുത്തിട്ടില്ല. തൃശ്ശൂരിൽ വലിയ ഒരു മേഖലയുണ്ട്. തൃശ്ശൂർ, പാലക്കാട്, എറണാകുളം ഇവിടങ്ങളിൽ മേഖലയുണ്ട്. അവസാനം എവിടെയാണെന്നു തീരുമാനമെടുത്തിട്ടില്ല.

ശ്രീ. പി. സിറിയക് ജോൺ: ദേശസാൽക്കരിച്ച മേഖലകളിലെ യാത്രാക്ലേശങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ സ്ഥലത്തു നിന്നും പരാതിയുണ്ട്. സ്വകാര്യ ബസ്സുകൾ ഓടിക്കുന്ന സ്ഥലങ്ങളിൽ അതിനിടയിൽ കൂടി കെ. എസ്. ആർ. ടി. സി. ബസ്സുകൾ നഷ്ടത്തിൽ ഓടിക്കുകയും ദേശസാൽക്കരിച്ച റൂട്ടുകളിൽ ബസ്സുകൾ ഓടിക്കാനില്ലാത്ത സ്ഥിതിയുമുണ്ട്. അതുകൊണ്ട് ഒരു നയമെന്ന നിലയിൽ അതിൽ നിന്നും യാതൊരു മാറ്റവും ഉണ്ടാവുകയില്ല എന്നു തറപ്പിച്ചു പറഞ്ഞതുകൊണ്ട് സ്വകാര്യ ബസ്സുകൾ കെ. എസ്. ആർ. ടി. സി. ദേശസാൽക്കരിച്ച റൂട്ടുകളിലേയ്ക്ക് ഓടിക്കുകയില്ല എന്ന് ദയവായി പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പരാതി കൂടുതൽ യാത്രാസൗകര്യം വേണമെന്നതിനെക്കുറിച്ചാണ്. പ്രൈവറ്റ് മേഖലയിലും കോർപ്പറേഷന്റെ ബസ്സുകൾ ഓടിക്കണമെന്ന് നിർദ്ദേശമുണ്ട്. ഓടിക്കാതിരുന്നപ്പോൾ ബസ്സുകൾ തടഞ്ഞു നിർത്തി നഷ്ടം വരുത്തിയ പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. കോർപ്പറേഷൻ പലപ്പോഴും പുതിയ പുതിയ റൂട്ടുകൾ ആവശ്യപ്പെടരുതെന്ന് പറയാറുണ്ടെങ്കിലും പൊതുജനങ്ങളും പൊതുജന പ്രതിനിധികളും മിക്കവാറും അതു വക വെയ്ക്കാതെ ബസ്സുകൾക്ക് അപേക്ഷിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. കെ. പി. വിശ്വനാഥൻ: ശരാശരി എത്ര ശതമാനം ഷെഡ്യൂളുകൾ ക്യാൻസലാകുന്നു എന്നാണ് ഔദ്യോഗിക കണക്ക്. 40 ശതമാനത്തിലധികം വരുന്നു എന്നു പറയുന്നത് ശരിയാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പറയുന്നത് തെറ്റാണ്. ഇപ്പോൾ ഉള്ളത് 10 ശതമാനമാണ്.

ശ്രീ. പി. കെ. ശ്രീനിവാസൻ: ദേശസാൽക്കരിച്ച വയനാടു ഭാഗത്ത് ഇപ്പോൾ ബസ്സുകളില്ലാത്ത, പ്രൈവറ്റ് ഏജൻസികൾ നടത്തിക്കൊണ്ടിരുന്ന നമ്പർ ബസ്സുകൾ പോലും ഇറക്കാതെ, ഉള്ള ബസ്സുകൾ തന്നെ സമയത്ത് ഓടിക്കാതെ ഇരിക്കുന്നു എന്നു പറയുന്നതിൻമേൽ എന്തു നടപടി എടുത്തു എന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: പണ്ട് വയനാട് റൂട്ട് ദേശസാൽക്കരിച്ച സമയത്ത് പ്രൈവറ്റുകാർ എത്ര ബസ്സുകളാ ഓടിച്ചിരുന്നോ അതിൽ കൂടുതൽ ബസ്സുകളാ ഇന്ന് ഓടിക്കുന്നുണ്ട്. ഇന്ന് അത് പൂർണ്ണമല്ല എന്ന് അനുഭവമുള്ളതുകൊണ്ട് കൂടുതൽ ബസ്സുകളാ ഓടിക്കാൻ വേണ്ടി രണ്ടു ഡിപ്പോകളും തുറക്കാനും കൂടി തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. എ. പി. കുര്യൻ: ഷെഡ്യൂൾഡ് ക്യാൻസലേഷൻ ഓരോ വർഷം കഴിയുന്തോറും വർദ്ധിച്ചു വരികയാണെന്ന യാഥാർത്ഥ്യം പരിഗണിച്ച് ഈ ക്യാൻസലേഷൻ കുറയ്ക്കാൻ എന്തു നടപടിയാണ് ഫലപ്രദമായി ഗവൺമെന്റു സ്വീകരിച്ചതെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: 900 ബസ്സുകളാ സാധാരണ ഗതിയിൽ നമ്മുടെ റോഡുകളിൽ ഓടിക്കൊണ്ടിരിക്കുന്നതിൽ ഓടിക്കാൻ നിവൃത്തിയില്ലാത്ത പഴയ ബസ്സുകളാണ്. അതു കഴിയുന്നതും വേഗത്തിൽ മാറിയെങ്കിൽ മാത്രമേ പരിപൂർണ്ണമായി ക്യാൻസലേഷൻ നിർത്താൻ കഴിയൂ. അതു പ്രതീക്ഷിക്കാതെ ഒന്നു രണ്ടു വർഷം കൊണ്ട് പെട്ടെന്നു പരിഹരിക്കുവാൻ കഴിയുകയില്ല. നാം വെളിയിൽ കൊടുത്തു ബസ്സുകളാ നിർമ്മിച്ചാൽ തന്നെയും, അതിനുള്ള പണം കണ്ടു പിടിച്ചാൽ തന്നെയും ഈ 900 ബസ്സുകളും ഒന്നു രണ്ടു വർഷം കൊണ്ടു പുറത്തിറക്കി പഴയതു പിൻവലിക്കുവാൻ ബുദ്ധിമുട്ടുണ്ട്. ക്രമേണ, രണ്ടു മൂന്നു വർഷം കൊണ്ട് ക്യാൻസലേഷനെ സംബന്ധിച്ച പരാതി പരിഹരിക്കുവാൻ കഴിയുമെന്നാണു വിശ്വസിക്കുന്നത്.

ശ്രീ. കെ. രാഘവൻമാസ്റ്റർ: കോഴിക്കോടു-സുൽത്താൻബത്തേരി റൂട്ടു ദേശസാൽക്കരിച്ച അവസരത്തിൽ അവിടെ ഓടിക്കൊണ്ടിരുന്ന സ്വകാര്യ ബസ്സുകളാക്കു പകരം 70 ട്രാൻസ്പോർട്ടു ബസ്സുകളാ കൊടുക്കാമെന്നു പറഞ്ഞിരുന്നു. അതനുസരിച്ച് 70 ബസ്സുകളും ഓടിക്കാത്തതുകൊണ്ടാണോ ഈ ബുദ്ധിമുട്ടുകളാ അനുഭവപ്പെടുന്നതെന്നുള്ളതു പരിഗണിച്ച് 70 ബസ്സുകളും കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: വയനാടു മേഖലയിൽ 70 ബസ്സുകളുണ്ട്, കൂടുതൽ ബസ്സുകളുണ്ട്. ദേശസാൽക്കരിച്ച റൂട്ടുകളിൽ എത്ര ബസ്സുകളാ നിർത്തി എന്ന കണക്കു കോർപ്പറേഷനെ കൈയിലുണ്ട്. ആ കണക്കു നോക്കിയാൽ കൂടുതൽ ബസ്സുകളാ അവിടെയുണ്ട്. പക്ഷേ ആവശ്യമുള്ള ബസ്സുകളാ ഇപ്പോൾ ഓടുന്നുണ്ടെന്നു ഞാൻ അവകാശപ്പെടുന്നില്ല. കുറേക്കൂടി ബസ്സുകളാ കൊടുക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ദേശസാൽക്കരിച്ച റൂട്ടുകളിൽ ഓരോ വർഷവും ക്ലിപ്തമായി ഇത്ര ശതമാനം ബസ്സുകളാ ഇറക്കണമെന്നുള്ള തത്വം സ്വീകരിക്കാത്തതു കൊണ്ടാണ് ഈ ബുദ്ധിമുട്ടുകളെന്നു മനസ്സിലാക്കി ദേശസാൽക്കരിച്ച റൂട്ടുകളിൽ ക്ലിപ്തമായി ഇത്ര ശതമാനം ബസ്സുകളാ ഇറക്കേണ്ടതാണെന്ന തത്വം അനുസരിച്ച് ഇറക്കാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ക്ലിപ്ത ശതമാനം ഓരോ വർഷവും വർദ്ധിപ്പിക്കുമ്പോഴും ഓടിക്കൊണ്ടിരിക്കുന്നതിൽ നിന്നും ക്ലിപ്ത ശതമാനം ബസ്സുകൾ പിറകോട്ടു വലിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് കൂടുതൽ ബസ്സുകൾ ഇറക്കുന്നതിന്റെ ഫലം മനസ്സിലാക്കാൻ കഴിയാത്തത്.

ശ്രീ. കെ. ജെ. ചാക്കോ: വിദ്യാർത്ഥികളും കെ. എസ്. ആർ. ടി. സി. ജീവനക്കാരും തമ്മിലുണ്ടാകുന്ന സംഘട്ടനത്തിന്റെ ഒരു പ്രധാന കാരണം യാത്രാസൗകര്യം കുറവാണെന്നുള്ള യാഥാർത്ഥ്യം പരിഗണിച്ച് കൂടുതൽ വിദ്യാർത്ഥികളുള്ള കൂടുതൽ കോളേജുകളും സ്കൂളുകളുമുള്ള പട്ടണങ്ങളുമായി ബന്ധപ്പെടുത്തി കൂടുതൽ ബസ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു മുഴുവൻ ശരിയല്ല. അടുത്ത കാലത്തു യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഇടവേള അനുവദിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് വിദ്യാർത്ഥികൾ സമരം നടത്തുന്നതിനിടയിൽ 40 ബസ്സുകൾക്കു കേടു വരുത്തി. അപ്പോൾ അവരോടുള്ള സമീപനത്തിലുള്ള കാര്യമല്ല. എറിഞ്ഞാൽ കൊള്ളുന്ന ബസ്സായതുകൊണ്ട് എറിയുന്നു എന്നുള്ള തല്ലാതെ മറ്റൊന്നും പറയാൻ സാധ്യമല്ല. അടുത്ത കാലത്തു കോളേജു മുതലായ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്വന്തമായി ബസ്സുകൾ വാങ്ങിക്കുകയാണെങ്കിൽ വളരെ കുറഞ്ഞ വിലയ്ക്കു 5 വർഷം കൊണ്ട് അടച്ചുതീർക്കാവുന്ന രീതിയിൽ എത്ര ബസ്സുകൾ വേണമെങ്കിലും കെ. എസ്. ആർ. ടി. സി. കൊടുക്കാമെന്നു പറഞ്ഞു. പഴയ ബസ്സുകൾ ഏറ്റവും കുറഞ്ഞ വിലയ്ക്കു കൊടുക്കാമെന്നു പറഞ്ഞിട്ട് ആരും മുന്നോട്ടു വന്നിട്ടില്ല. കുട്ടികളുടെ ബാഹുല്യത്തിനനുസരിച്ച് പ്രധാനപ്പെട്ട പട്ടണങ്ങളിൽ കൂടുതൽ ബസ്സുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ എൻ. രാമകൃഷ്ണൻ: സർ, ഇടുക്കിയിലുള്ള ഹൈറേഞ്ച് പ്രദേശങ്ങളിൽ നിലം കുഴിക്കുന്ന മിനിബസ്സുകൾ താൻ തുടങ്ങി. ആകയാൽ അങ്ങനെ മിനി ബസ്സുകൾ വിടുവാൻവേണ്ടിയുള്ള അപേക്ഷകൾ ഉടനടിയായി എടുക്കുവാൻ സർക്കാർ തയ്യാറാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, ഹൈറേഞ്ചു പ്രദേശങ്ങളിൽ മിനി ബസ്സുകളാണ് ആവശ്യം. ചില പ്രദേശങ്ങളിൽ ഓടുന്ന വലിയ ബസ്സുകൾ മാറി ചെറിയ ബസ്സുകൾ ഇടാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ഡോ. കെ. ജി. അടിയോടി: വയനാടു റൂട്ട് ദേശസാൽക്കരിക്കുന്നതിനു മുമ്പ് അവിടെ ഓടിക്കൊണ്ടിരുന്ന ബസ്സുകളേക്കാൾ കൂടുതൽ ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞു. ബസ്സുകൾ അനുവദിച്ചതിനു റിക്കാർഡുകളുണ്ട്. എന്നാൽ ഓടുന്ന ബസ്സുകൾ കുറവാണെന്ന സത്യം തുറന്നു പറയരുതോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അനുവദിച്ച ബസ്സുകളുടെ ആകെ എണ്ണവും അതിൽ പിൻവലിച്ച ബസ്സുകളുടെ കണക്കും ഉണ്ട്. കൊടുത്ത ബസ്സുകളുടെ എണ്ണം കൂടുതലായതുകൊണ്ട് ഞാൻ പറഞ്ഞു എന്നേയുള്ളു. വയനാടു മേഖലയിൽ പ്രൈവറ്റു ബസ്സുകളേക്കാൾ വളരെ വേഗത്തിൽ കൂടുതൽ ബസ്സുകൾക്കു കേടു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഷെഡ്യൂൾ കാൻസലേഷന്റെ കാര്യത്തിൽ ഒരു പരിശോധന കൂടി നടത്താൻ വേണ്ടിയാണ് മധ്യഭാഗത്തു ഒന്നു രണ്ടു സബ് സ്റ്റേഷൻ വേണമെന്നു തീരുമാനിച്ചത്.

ശ്രീ. പി. പി. എസ് തോമസ്: നാഷണലൈസ്ഡ് റൂട്ടുകളിൽ സർക്കാരിന്റെ കുത്തകപോലെതന്നെ ചില പ്രൈവറ്റു മേഖലകളിൽ പ്രൈവറ്റു മുതലാളിമാരുടെ കുത്തകകൊണ്ട് യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകളുള്ളതുകൊണ്ട് അങ്ങനെയുള്ള റൂട്ടുകളിൽ അത്യാവശ്യം ട്രാൻസ്പോർട്ട് വണ്ടികൾ ഓടിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ? അങ്ങനെ ഓടിക്കുകയാണെങ്കിൽ യാത്രാസൗകര്യം വർദ്ധിപ്പിക്കുവാൻ സഹായകമാകും.

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെയും ഇങ്ങനെയും വേണം എന്നു പറഞ്ഞാൽ എങ്ങനെ വേണമെന്നു പിന്നെ പറയാൻ മാത്രമേ കഴിയൂ. അതായത് പൊതുമേഖലയിൽ മാത്രമേ ഓടിക്കാവൂ എന്നൊരു വാദഗതി പറഞ്ഞ് അവസാനിപ്പിച്ച ഉടനെ പ്രൈവറ്റു മേഖലയിലും ഓടിക്കണം എന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത്.

ശ്രീ. എസ്. തങ്കപ്പൻപിള്ള: തൊണ്ണൂറ്റുകളിൽ കൂടുതൽ ബസ്സുകൾ ഓടിക്കുന്നതു മൂലം ദേശസാൽക്കരിച്ച മെയിൻ റൂട്ടുകളിൽ യാത്രാസൗകര്യം കുറവാണെന്നുള്ളതു പരിഗണിച്ച് ആ മെയിൻ റൂട്ടുകളിലെങ്കിലും കാര്യക്ഷമമായി സർവ്വീസ് നടത്താൻ ഗവൺമെന്റു സത്വരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇവിടെ പല തരത്തിലുള്ള അഭിപ്രായങ്ങളുണ്ട്. ആ അഭിപ്രായങ്ങളെല്ലാം പരിശോധിച്ച് ഏറ്റവും യുക്തവും കൂടുതൽ ഫലപ്രദവുമായ കാര്യങ്ങൾ നടപ്പിലാക്കാൻ പരിശ്രമിക്കാം.

പുരാവസ്തു സംരക്ഷണത്തിന് പ്രത്യേക സർക്കിൾ

*261 [277] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു സംരക്ഷണത്തിന് എത്ര രൂപാ ആവശ്യമുണ്ട്; എത്ര രൂപാ കേന്ദ്രത്തിൽ നിന്ന് കിട്ടുന്നുണ്ട്;

(ബി) കേരളത്തിൽ പുരാവസ്തു സംരക്ഷണത്തിന് എത്ര കേന്ദ്രങ്ങൾ ഉണ്ട്; അവയുടെ സംരക്ഷണത്തിന് പ്രത്യേക സർക്കിൾ കേരളത്തിൽ ഉണ്ടാക്കാൻ കേന്ദ്ര സർക്കാരിനെ നിർബന്ധിക്കുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) പുരാവസ്തു സംരക്ഷണത്തിന് അടുത്ത ഒരു വർഷത്തേയ്ക്ക് 18.5 ലക്ഷം രൂപ ചെലവു വരും. കേന്ദ്രത്തിൽ നിന്നും ധനസഹായം ഒന്നും ലഭിക്കുന്നില്ല. പുരാവസ്തുക്കളുടെ റജിസ്ട്രേഷനുള്ള ചെലവ് കേന്ദ്ര ഗവൺമെന്റാണു വഹിക്കുന്നത്. ഇതിനു ഒരു വർഷത്തേയ്ക്കു 70,000 രൂപ ചെലവു വരും.

LIBRARY ARCHIVES Kerala Legislative Assembly